## പതിനാലാം കേരള നിയമസഭ
### ഏഴാം സമ്മേളനം
### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 3657
### 23.08.2017 ന് മറുപടി നല്കേണ്ടത്

### പ്രോവിഡന്റ് ഫണ്ട് പലിശ നിരക്ക്

**ചോദ്യം**
**ശ്രീ. റ്റി. വി രാജേഷ്**

**ഉത്തരം**
**ശ്രീ. തോമസ് ഐസക്ക്**
**(ബഹു: ധനകാര്യവും കയറും വകുപ്പ് മന്ത്രി)**

| നം | ചോദ്യം | ഉത്തരം |
|---|---|---|
| എ) | സംസ്ഥാന ജീവനക്കാരുടെയും മറ്റ് ജീവനക്കാരുടെയും വിവിധ പ്രോവിഡന്റ് ഫണ്ടുകളിലെ പലിശ നിശ്ചയിക്കുന്നത് ഏത് മാനദണ്ഡപ്ര കാരമാണ്? | കേന്ദ്രസർക്കാർ കാലാകാലങ്ങളിൽ പുറപ്പെട്ടുവിക്കുന്ന ഉത്തരവുകളിൽ നിഷ്കർഷിക്കുന്ന പലിശ നിരക്കാണ് ജി പി എഫിനും മറ്റ് സർക്കാർ നിയന്ത്രിത പ്രോവിഡന്റ് ഫണ്ടുകൾക്കും ബാധകമാകുന്നത്. |
| ബി) | പ്രോവിഡന്റ് ഫണ്ടുകളിലെ പലിശ ഈ വർഷം പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നല്കുമോ? | 2017-18 സാമ്പത്തിക വർഷത്തിൽ കേന്ദ്ര സർക്കാരിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 01.04.2017 മുതൽ 30.06.2017 വരെയുള്ള കാലയളവിലേക്ക് ജി പി എഫിനും മറ്റ് സർക്കാർ നിയന്ത്രിത പ്രോവിഡന്റ് ഫണ്ടുകൾക്കും സർക്കാർ ഉത്തരവ് (അച്ചടി) നം. 78/2017/ധന തീയതി 19.06.2017 പ്രകാരം 7.9% (ഏഴ് ദശാംശം ഒൻപത് ശതമാനം) ആണ് പലിശനിരക്ക്. എന്നാൽ 01.07.2017 മുതൽ 30.09.2017 വരെയുള്ള കാലയളവിലേക്ക് കേന്ദ്ര സർക്കാരിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ജി പി എഫിനും മറ്റ് സർക്കാർ നിയന്ത്രിത പ്രോവിഡന്റ് ഫണ്ടുകൾക്കും സർക്കാർ ഉത്തരവ് (അച്ചടി)നം. 101/2017/ധന തീയതി 04.08.2017 പ്രകാരം 7.8% (ഏഴ് ദശാംശം എട്ട് ശതമാനം) ആണ് പലിശനിരക്ക്. |

**സെക്ഷൻ ഓഫീസർ**